# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| നവംബർ NOVEMBER 19 | 2021 |
|---|---|



## ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2021@gmail.com

---

**ശബരിമല തീർഥാടനം: സുരക്ഷിത യാത്രയ്ക്ക്
സേഫ് സോൺ നിർദേശങ്ങൾ**

ശബരിമല തീർഥാടകരുടെ സുരക്ഷിത യാത്രയ്ക്ക് നിർദേശങ്ങളുമായി മോട്ടോർ വാഹന വകുപ്പിന്റെ സേഫ് സോൺ പദ്ധതി. ശ്രദ്ധിക്കേ കാര്യങ്ങൾ: അമിത വേഗം പാടില്ല. വളവുകളിൽ ഓവർടേക്കിംഗ് പാടില്ല. റോഡ് അരികുകളിൽ അപകടകരമാം വിധം വാഹനം പാർക്ക് ചെയ്യരുത്. രാത്രി യാത്രയിൽ ഡിം ലൈറ്റ് ആവശ്യാനുസരണം ഉപയോഗിക്കുക. ഉന്മേഷവാനായി ഉണർന്നിരുന്ന് മാത്രം വാഹനം ഓടിക്കുക. ഇടതുവശം ചേർന്ന് വാഹനം ഓടിക്കുക. രാത്രി വൈകി ഉറക്കക്ഷീണത്തോടെ വാഹനം ഓടിക്കാതിരിക്കുക. വാഹനങ്ങളുടെ സാങ്കേതിക തകരാറുകൾ ഇല്ലെന്ന് ഉറപ്പു വരുത്തുക. മാലിന്യങ്ങൾ അലക്ഷ്യമായി തുറസായ സ്ഥലങ്ങളിൽ വലിച്ചെറിയാതിരിക്കുക. വലതുവശം ഓവർടേക്കിംഗിന് മാത്രമുള്ളതാണ്. സ്ഥിരമായി വലതുവശം ചേർന്ന് വാഹനമോടിക്കുന്നത് ഗതാഗത തടസത്തിനും റോഡ് അപകടത്തിനും കാരണമാകുന്നതും ശിക്ഷാർഹവുമാണ്.

അടിയന്തിര സാഹചര്യങ്ങളിൽ സഹായത്തിനായി സേഫ് സോൺ ഹെൽപ്പ് ലൈനുമായി ബന്ധപ്പെടാം. ഇലവുങ്കൽ: 09400044991, 09562318181, എരുമേലി: 09496367974, 08547639173. കുട്ടിക്കാനം: 09446037100, 08547639176.

(പി.ആർ. ശബരി-25)

**തീർഥാടകർക്ക് പ്രതിരോധ ശക്തിക്കായി ആയുർവേദ കുടിവെള്ളം വിതരണം**

ഭാരതീയ ചികിത്സാ വകുപ്പും തിരുവിതാംകൂർ ദേവസ്വം ബോർഡും സംയുക്തമായി ശബരിമല തീർഥാടകർക്ക് പ്രതിരോധ ശക്തിക്കായി ആയുർവേദ കുടിവെള്ളം വിതരണം ചെയ്യുന്നു. ഇതിന്റെ ഭാഗമായി വെള്ളം തിളപ്പിക്കുന്നതിനുള്ള ആയുർവേദ ഔഷധങ്ങൾ സന്നിധാനം ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി ചാർജ് മെഡിക്കൽ ഓഫീസർ ഡോ. വിനോദ് കൃഷ്ണൻ നമ്പൂതിരി തിരുവിതാംകൂർ ദേവസ്വം ബോർഡ് അസിസ്റ്റൻഡ് എൻജിനീയർ സുനിൽ കുമാറിന് കൈമാറി.

നടപ്പന്തലിന് സമീപം നിലവിൽ ചുക്കുവെള്ളം നൽകുന്നതോടൊപ്പം ആയുർവേദ ഔഷധ ജലവും നൽകാനാണ് ഉദ്ദേശിക്കുന്നത്. കോവിഡ് പശ്ചാത്തലത്തിൽ തീർഥാടകർക്കും ജീവനക്കാർക്കും ഇത് ഏറെ പ്രയോജനകരമാകും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിലെ എല്ലാ ആയുർവേദ സ്ഥാപനങ്ങൾ വഴിയും ഭാരതീയ ചികിത്സാ വകുപ്പ് വിജയകരമായി നടപ്പാക്കിയ പ്രതിരോധ പദ്ധതിയിൽ ഉപയോഗിച്ച ഷഡംഗം ചൂർണമാണ് ഇതിനായി ഉപയോഗിക്കുന്നത്. ശബരിമല സ്പെഷൽ കമ്മീഷണർ എം. മനോജിന്റെ നിർദേശപ്രകാരമാണ് പദ്ധതി നടപ്പാക്കുന്നത്.

(പി.ആർ. ശബരി-26)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.